# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ
മാർച്ച് 2025 വാല്യം 64 ലക്കം 03

Season of Lent



സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.

മത്തായി 18 : 3

# Congratulations



പോർച്ചുഗലിലെ ലിസ്ബൺ യൂണിവേഴ്സിറ്റിയിൽ

Member of Permanent External Scientific Advisory Committee of Instituto de Historia da Arte,
Honorary Member of Academia de Marinha , Lisbon

എന്നീ പദവികളിലേക്ക് നിയമിതനായ കോതമംഗലം

രൂപത പ്രോട്ടോസിഞ്ചെല്ലൂസ്

**മോൺ. പയസ് മലേക്കണ്ടത്തിൽ അച്ചനും**



മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി

റെക്ടറായി നിയമിതനായ

**റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ അച്ചനും**

## അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മാർച്ച് 2025 വാല്യം 64 ലക്കം 3



## ഉള്ളടക്കം


5 നോമ്പുകാല സന്ദേശം
9 മദ്യ – ലഹരി വിരുദ്ധ ഞായർ – സർക്കുലർ
12 രൂപതക്കച്ചേരി
17 ഒഡീഷ മിഷൻ
18 മൈനർ സെമിനാരി
19 വിജ്ഞാനഭവൻ
23 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
24 നിർമ്മല സിവിൽ സർവീസ് അക്കാദമി
25 സോഷ്യൽ സർവീസ്
27 തിരുബാലസഖ്യം
28 ചെറുപുഷ്പ മിഷൻലീഗ്
28 കെ. സി. എസ്. എൽ.
29 ഫാമിലി അപ്പോസ്റ്റലേറ്റ്
30 പ്രോ – ലൈഫ്
30 പിതൃവേദി
31 മാതൃവേദി
32 യൂദിത്ത് മിനിസ്ട്രി
32 ഡി. സി. എം. എസ്.
32 മദ്യവിരുദ്ധസമിതി
33 ഡി. എഫ്. സി.
34 യുവദീപ്തി – K.C.Y.M.
35 ജീസസ് യൂത്ത്
36 കത്തോലിക്കാ കോൺഗ്രസ്
38 അല്മായ ഫ്രാൻസിസ്കൻ സഭ
38 പ്രാർത്ഥനാഗ്രൂപ്പ്
39 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
41 കേരള ലേബർ മൂവ്മെന്റ്
41 നെസ്റ്റ് പ്രോഗ്രാം
41 തിരുനാൾ മംഗളങ്ങൾ
43 രൂപതാദ്ധ്യക്ഷന്റെ ഡയറി
47 Bishop's Engagements
47 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
48 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 നോമ്പുകാല സന്ദേശം

Page 9 മദ്യ–ലഹരിവിരുദ്ധ ഞായർ–സർക്കുലർ

Page 12 വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

Page 14 ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം


Page 18 ദൈവവിളി ക്യാമ്പ്

Page 20 വിശ്വാസോത്സവം – മാർച്ച് 31 – ഏപ്രിൽ 3


## തിരുനാളുകൾ



3 വിഭൂതി




18 ജറുസലെമിലെ വി. സിറിൾ



19 വി. യൗസേപ്പിതാവ്



25 മംഗളവാർത്ത തിരുനാൾ

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

# നോമ്പുകാല സന്ദേശം

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ ജീവിതത്തിലെ രക്ഷാകര സംഭവങ്ങൾ ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന നോമ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണ്. പ്രാർത്ഥനയും വചനാധിഷ്ഠിത ജീവിതവും സാധ്യമാക്കാൻ സഭ നമുക്ക് നൽകുന്ന അവസരമാണ് വലിയ നോമ്പുകാലം. ഈ കാലഘട്ടം വിശുദ്ധമായി ആചരിച്ച് നമ്മുടെ ജീവിതത്തെയും കുടുംബങ്ങളെയും, ശുശ്രൂഷാമേഖലകളെയും കൂടുതൽ നന്മ നിറഞ്ഞതാക്കാൻ നമുക്ക് പരിശ്രമിക്കാം. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പ് തിരുനാൾ ദിനം വരെ നാം ആചരിക്കുന്ന നോമ്പുകാലം ആത്മീയ ശക്തീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും കുട്ടികളുടെയും യുവജനങ്ങളുടെയും ധാർമിക മൂല്യവളർച്ചക്കുമുള്ള അവസരമായിത്തീരാൻ നമുക്ക് പരിശ്രമിക്കാം. പ്രാർത്ഥനയിൽ ആഴപ്പെട്ടും പശ്ചാത്തപിച്ചും പരിഹാരകർമ്മങ്ങൾ അനുഷ്ഠിച്ചും തീർത്ഥാടനങ്ങൾ നടത്തിയും നോമ്പുകാലം ഫലദായകമാക്കുന്ന നല്ല പാരമ്പര്യം നമ്മുടെ പൂർവികർ നമുക്ക് നൽകിയിട്ടുണ്ട്. അത് അഭംഗുരം കാത്തുസൂക്ഷിക്കാനും അടുത്ത തലമുറയ്ക്ക് കൈമാറാനുമുള്ള നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഈ കാലഘട്ടത്തിൽ നാം കൂടുതൽ ബോധവാന്മാരാകണം.

നോമ്പും ഉപവാസവും പ്രാർത്ഥനയും നമ്മെ ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളിലും സഹനങ്ങളിലും പ്രതീക്ഷയോടെ മുന്നോട്ടു പോകാനുള്ള ആത്മീയ ഊർജ്ജം സംഭരിക്കാനുള്ള കാലമായി ഈ വലിയ നോമ്പുകാലം മാറേണ്ടതുണ്ട്. മനുഷ്യരായ നമ്മുടെ രക്ഷയ്ക്കും വിമോചനത്തിനുമായി

ഈശോ തെരഞ്ഞെടുത്ത വഴി പീഡാസഹനത്തിന്റേതും കുരിശു മരണത്തിന്റേതുമായിരുന്നു. തന്റെ സഹനത്തിന്റെ നിമിഷങ്ങളിൽ ഈശോയ്ക്കുണ്ടായിരുന്ന സമചിത്തതയും പ്രകടിപ്പിച്ച ശാന്തതയും ജീവിത പ്രതിസന്ധികളിൽ നമുക്ക് മാതൃകയാകണം. ജീവിതത്തിൽ ഉണ്ടാകുന്ന സഹനങ്ങളും കഷ്ടപ്പാടുകളും ദൈവസ്നേഹത്തിന്റെ അടയാളപ്പെടുത്തലുകളാണ് എന്ന ക്രൈസ്തവ ചിന്ത 'പ്രത്യാശയുടെ തീർത്ഥാടകരായി' ജീവിക്കാൻ നമ്മെ സഹായിക്കും. വിശുദ്ധ മദർ തെരേസയുടെ വാക്കുകൾ ഈ അവസരത്തിൽ നമുക്ക് ഓർക്കാം. 'വേദനകളും സങ്കടങ്ങളും സഹനങ്ങളും കർത്താവിന്റെ സ്നേഹ ചുംബനങ്ങളാണ്. അവ നിങ്ങൾക്കുണ്ടാകുമ്പോൾ അവിടുത്തേക്ക് ചുംബിക്കാൻ കഴിയും വിധം നിങ്ങൾ ദൈവത്തിങ്കലേക്ക് അടുത്തിരിക്കുന്നു.'

നോമ്പുകാലം പാപപരിഹാരത്തിന്റെ ദിനങ്ങളായി ആചരിക്കുന്ന നല്ല പതിവ് നമ്മുടെ ഇടയിലുണ്ട്. മാനുഷികമായ കുറവുകൾക്കും ബലഹീനതകൾക്കും ദൈവതിരുമുമ്പിൽ മാപ്പപേക്ഷിക്കുവാനും ദൈവകരുണ യാചിക്കാനും പാപപരിഹാരം അനുഷ്ഠിക്കാനും നമുക്ക് ഈ നോമ്പുകാലത്ത് സാധിക്കണം. നമ്മുടെ സഭയുടെ പ്രത്യേക നിയോഗങ്ങളും പ്രതിസന്ധികളും ദൈവതിരുമുമ്പിൽ പ്രാർത്ഥനാപൂർവം സമർപ്പിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. വിശുദ്ധ കുർബാനയുടെ ശ്രേഷ്ഠതയ്ക്കും പരിപാവനതയ്ക്കും കളങ്കം വരുത്തിയ ദൗർഭാഗ്യകരമായ സംഭവങ്ങൾ ഓർത്ത് ഈ നോമ്പുകാലത്ത് നമുക്ക് ഒരുമിച്ച് പരിഹാരം ചെയ്യാം. സഭയിൽ സമാധാനവും സന്തോഷവും സ്നേഹവും സംജാതമാകുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വിഭാഗീയതകളും ഭിന്നതകളും മറന്ന് സഭ ഈശോയുടെ മൗതിക ശരീരമാണ് എന്ന ബോധ്യത്തോടെ മുന്നോട്ട് പോകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ക്രൈസ്തവരായ നമ്മുടെ സഹോദരസ്നേഹവും സാമൂഹിക പ്രതിബദ്ധതയും കൂടുതൽ തീക്ഷ്ണമാകേണ്ട അവസരമാണ് നോമ്പുകാലം. ആർഭാടങ്ങളും അമിത ആഘോഷങ്ങളും സാധാരണമാകുന്ന ഈ കാലത്ത് ലാളിത്യവും മിതത്വവും പൊതു സമൂഹത്തിൽ പരിചയപ്പെടുത്താനുള്ള ഉത്തരവാദിത്വം ക്രൈസ്തവരായ നമുക്കുണ്ട്. നല്ല സമരിയാക്കാരനെപ്പോലെ ദൈവത്തോടും സഹോദരങ്ങളോടും സ്

നേഹം പ്രകടിപ്പിക്കുന്നതാണ് നമ്മുടെ ക്രൈസ്തവ ദൗത്യം എന്ന് ഈ നോമ്പുകാലത്ത് നാം പ്രത്യേകം ഓർക്കണം. 'ദരിദ്രനോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത് അവിടുന്ന് ആ കടം വീട്ടും' (സുഭാ. 19.17). ദൈവം നമുക്ക് അനുഗ്രഹങ്ങളായി തന്ന സമ്പത്തും സമയവും കഴിവുകളും ഉദാരതയോടെ പങ്കുവയ്ക്കാൻ ഈ നോമ്പുകാലത്ത് നമുക്ക് സാധിക്കട്ടെ.

നോമ്പുകാലത്ത് നാം പരമ്പരാഗതമായി ചെയ്തുപോരുന്ന എല്ലാ നല്ല കാര്യങ്ങളും തുടരാൻ ശ്രദ്ധിക്കാം. നോമ്പാചരണത്തോടനുബന്ധിച്ച് ഭക്ഷണകാര്യങ്ങളിൽ സഭ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ആരോഗ്യം അനുവദിക്കുന്ന എല്ലാവരും പാലിക്കുമല്ലോ. അനുദിനമുള്ള പരിശുദ്ധ കുർബാന അർപ്പണം മറക്കാതിരിക്കാം. കുടുംബത്തിൽനിന്ന് ഒരാൾ എങ്കിലും എല്ലാ ദിവസവും പരിശുദ്ധ കുർബാനയിൽ പങ്കുചേരുന്നത് അനുഗ്രഹദായകമാണ്. ഫോണിന്റെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും ഉപയോഗസമയം കുറച്ച് 'ഡിജിറ്റൽ ലെന്റ്' ഈ വർഷവും തുടരാം. കുട്ടികളും യുവജനങ്ങളും ഈ കാര്യം പ്രത്യേകം ഓർക്കുമല്ലോ.

വലിയ നോമ്പിൽ നമ്മുടെ രൂപതയിൽ എല്ലാവർഷവും സജീവമായി സംഘടിപ്പിക്കപ്പെടുന്ന ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം ഈ വർഷം മാർച്ച് 7 വെള്ളിയാഴ്ചയാണ് നടക്കുന്നത്. മൂവാറ്റുപുഴ, വാഴക്കുളം, മാറിക എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് മലേക്കുരിശിൽ എത്തിച്ചേരുന്ന രീതിയിലാണ് ഈ വർഷം തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. ബഹു. വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിൽനിന്നും സാധിക്കുന്ന എല്ലാവരും തീർത്ഥാടനത്തിൽ പങ്കുചേരണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. നാടുകാണി കുരിശുമല, മണിയന്ത്രം കുരിശുമല എന്നിവിടങ്ങളിലേക്കും വിവിധ ഇടവകകളോട് ചേർന്നുള്ള കുരിശുമലകളിലേക്കും തീർത്ഥാടനങ്ങൾ നടത്തുന്ന നല്ല പതിവ് ഈ വർഷവും നമുക്ക് സജീവമായി തുടരാം.

ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് ഓരോ മാസവും നമ്മുടെ രൂപതയിൽ ചെയ്യാനുള്ള കർമ്മ പദ്ധതികൾ നൽകിയിരുന്നല്ലോ. അതനുസരിച്ച് അടുത്ത മാസം ജീവന്റെ സംരക്ഷണത്തിനായുള്ള

കർമ്മ പദ്ധതികൾക്കാണ് നാം മുൻഗണന നൽകുന്നത്. ഗർഭസ്ഥ ശിശുക്കൾ, അനാഥക്കുഞ്ഞുങ്ങൾ, കാരുണ്യഭവനങ്ങളിൽ ആയിരിക്കുന്നവർ, മതപീഡനങ്ങൾ സഹിക്കുന്നവർ എന്നിവർക്കായി പ്രത്യേകം പ്രാർത്ഥിക്കാം.

ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ തന്റെ നോമ്പുകാല സന്ദേശത്തിൽ സൂചിപ്പിക്കുന്നതുപോലെ "ക്രൈസ്തവരായ നാം നിത്യജീവൻ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന പ്രത്യാശയുടെ തീർത്ഥാടകരാണ്. ഈ തീർത്ഥയാത്രയിൽ നാം തനിച്ചല്ല, ഒരുമിച്ച് കൂട്ടായ്മയോടെയാണ് സഞ്ചരിക്കേണ്ടത്. യാത്രയിൽ ഉടനീളം സ്വർഗ്ഗവും നിത്യജീവിതവുമായിരിക്കണം നമ്മുടെ പ്രതീക്ഷയും ലക്ഷ്യവും." കുരിശിന്റെ വഴിയിലൂടെ മാത്രമേ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് എത്തിച്ചേരാനാകൂ എന്ന ആത്മീയബോധം ഈ നോമ്പുകാലത്ത് നമ്മുടെ മനസ്സിൽ ആഴപ്പെടട്ടെ. ഫലദായകമായ ഒരു നോമ്പുകാലം ഏവർക്കും ആശംസിക്കുന്നു.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2025 മാർച്ച് 2-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

No.: 4089/K-5/KCBC/OL/DS 14.02.2025

# മദ്യ-ലഹരിവിരുദ്ധ ഞായർ - 2025 മാർച്ച് 23

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരി വിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കു മരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാതാകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾക്ക് പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി

പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ “അമൃതം ആരോഗ്യം” എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ ‘കുട്ടിഗുണ്ടാസംഘങ്ങൾ’ ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ്സ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസ്സുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തുനിന്നു വരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസ്സുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാനങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായ പ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

"ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു" (YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽനിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്താനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരിക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കാനും, ഈ സാമൂഹ്യവിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സിമിതി)
**ബിഷപ്പ് ആർ. ക്രിസ്തുദാസ്** (വൈസ് ചെയർമാൻ)
**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ** (വൈസ് ചെയർമാൻ)

---

NB: ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# രൂപതക്കച്ചേരി

## C. *20/2025* വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2025 മാർച്ച് 2-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരുതരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്തിൽ അനാർഭാടമായി നടത്താവൂ. പരിപാടികളുടെ നടത്തിപ്പിലും ബാഹ്യ മോടിയിലും ഭക്ഷണത്തിലുമെല്ലാം ഈ ലാളിത്യം പാലിക്കേണ്ടതാണ്. നോമ്പുകാലത്തിൽ രൂപതക്കച്ചേരിയിലേക്ക് വിവാഹത്തിനുള്ള അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബഹു. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു. മനസ്സമ്മതമോ മറ്റു ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യുവാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

## C. *21/2025* അജപാലന സന്ദർശനം

2025 മാർച്ച് 2 - മുണ്ടൻമുടി
2025 മാർച്ച് 16 - മാലിപ്പാറ

*Bishop*

## C. *22/2025* പുതുക്കിയ കുർബാനധർമ്മവും പടിസാധനവും

ഡിസംബർ മാസത്തിൽ ചേർന്ന കെ.സി.ബി.സി. സമ്മേളനത്തിൽ ഒറ്റക്കുർബാനയുടെ ധർമ്മം 100 രൂപയിൽനിന്ന് 150 രൂപയാക്കി ഉയർത്തി. തുടർന്ന് മറ്റ് പടിസാധനങ്ങളുടെ നിരക്ക് 2025 ജനുവരി 23-ാം തീയതി വ്യാഴാഴ്ച ചേർന്ന പ്രൊവിൻഷ്യൽ കൂരിയായിൽ നിശ്ചയിച്ചു. അതനുസരിച്ച് പടിസാധനങ്ങളുടെ പുതുക്കിയ നിരക്ക് താഴെ ചേർക്കുന്നു. 2025 ഏപ്രിൽ 1 മുതൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്. അതിനാൽ ബഹു. അച്ചന്മാർ പഴയനിരക്കിലുള്ള തിരുക്കർമ്മ

ങ്ങൾ അവർ ഏറ്റിട്ടുണ്ടെങ്കിൽ അതു പൂർത്തീകരിക്കാൻ പരിശ്രമിക്കണം. പൂർത്തീകരിക്കാൻ കഴിയുന്നതിൽ കൂടുതൽ അവരുടെ കൈവശം ഉണ്ടെങ്കിൽ എത്രയുംവേഗം രൂപതക്കച്ചേരിയിൽ ഏല്പിക്കണം. 2025 ഏപ്രിൽ 1 മുതൽ പഴയനിരക്കിലുള്ള പടിസാധനങ്ങൾ രൂപതക്കച്ചേരി ഏറ്റെടുക്കുന്നതല്ല.

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമ്മികന് | സഹ കാർമ്മികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | - | 150.00 | | | | 150.00 |
| ആത്മകാര്യം ഒറ്റക്കുർബാന (ഉഭയ കുർബാന) | - | 225.00 | | | | 225.00 |
| ആഘോഷമായ കുർബാന | 20.00 | 180.00 | | 25.00 | 25.00 | 250.00 |
| ഗ്രിഗോറിയൻ കുർബാന | | 7500.00 | | | | 7500.00 |
| റാസ | 200.00 | 300.00 | 3 X 200.00 | 125.00 | 275.00 | 1500.00 |
| ചെറിയ ഒപ്പീസ് പള്ളിയിൽ | 7.00 | 15.00 | | 8.00 | | 30.00 |
| ചെറിയ ഒപ്പീസ് സിമിത്തേരിയിൽ | 10.00 | 30.00 | | 10.00 | | 50.00 |
| അന്നീദാ | | 5.00 | | | | 5.00 |
| അമ്പ്, മുടി മുതലായവ | 30.00 | | | | | 30.00 |
| അടിമവയ്ക്കൽ | 6.00 | 18.00 | | 6.00 | | 30.00 |

*Bishop*

### *C. 23/2025* Monthly Recollection for Priests

Read in common Nos. YOUCAT 224 - 239

*Syncellus*

### *C. 24/2025* മിഷൻ സംഗമം

കേരള സഭാനവീകരണത്തോടനുബന്ധിച്ചുള്ള മിഷൻ വർഷാചരണത്തിന്റെ ഭാഗമായും ജൂബിലിവർഷത്തിന്റെ ഭാഗമായും നമ്മുടെ രൂപത മിഷൻ സംഗമം നടത്തുകയാണ്. ആഗോളസഭയ്ക്ക് ധാരാളം മിഷനറിമാരെ സംഭാവന ചെയ്തിട്ടുള്ള രൂപതയാണ് നമ്മുടെ രൂപത. മിഷനറി വൈദികരും സിസ്റ്റേഴ്സുമായി നമ്മുടെ രൂപതയ്ക്കു പുറത്ത് ശുശ്രൂഷ ചെയ്യുന്ന രൂപതാംഗങ്ങളായ എല്ലാ വൈദികരുടെയും സമർപ്പിതരുടെയും സംഗമം 2025 മെയ് 21-ാം തീയതി ബുധനാഴ്ച മൂവാറ്റുപുഴ NESTT-ൽ നടത്താൻ ആഗ്രഹിക്കുന്നു. പ്രസ്തുത സമ്മേളനത്തെക്കുറിച്ച് നമ്മുടെ രൂപതയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന എല്ലാ

വൈദികരെയും സമർപ്പിതരെയും മുൻകൂട്ടി അറിയിക്കണമെന്ന് ബഹു. വികാരിമാരെ സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. രൂപതയ്ക്ക് പുറത്ത് മറ്റ് സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അഡ്രസ്സും Whatsapp നമ്പറും അതാത് ഇടവകയിലെ മിഷൻ ലീഗ് പ്രവർത്തകരുടെ നേതൃത്വത്തിൽ ശേഖരിക്കുവാനായി ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

*Syncellus*

### *C. 25/2025* **ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം**

ഈശോമിശിഹായുടെ മനുഷ്യാവതാര ജൂബിലി ആഘോഷത്തിന്റെ ഭാഗമായും അമ്പതു നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ടും, നമ്മുടെ രൂപതാ തീർത്ഥാടനമായ ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം ഈ വർഷം വിപുലമായി നടത്തപ്പെടുകയാണ്. വലിയ നോമ്പിലെ ആദ്യ വെള്ളിയാഴ്ചയായ മാർച്ച് ഏഴാം തീയതി വൈകുന്നേരം 6 മണിക്ക് മൂവാറ്റുപുഴ, വാഴക്കുളം, മാറിക എന്നീ മൂന്ന് കേന്ദ്രങ്ങളിൽ നിന്നും തീർത്ഥാടനം ആരംഭിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന മൂന്ന് സ്ഥലങ്ങളിൽ സൗകര്യപ്രദമായ ഏതെങ്കിലുമൊരു സ്ഥലത്ത് എത്തിച്ചേർന്ന് മറ്റ് ഫൊറോനകളിൽ നിന്നുള്ളവർ തീർത്ഥാടനത്തിൽ പങ്കുചേരേണ്ടതാണ്. എട്ടുമണിയോടുകൂടി ആരക്കുഴ മലേക്കുരിശിന്റെ താഴെയുള്ള കപ്പേളയിൽ തീർത്ഥാടനം എത്തിച്ചേരുന്നു. അവിടെ നിന്ന് കുരിശിന്റെ വഴി ചൊല്ലി 8.45-ന് മലമുകളിൽ എത്തിച്ചേരുന്ന തീർത്ഥാടനം പരിശുദ്ധ കുർബാനയോടെ സമാപിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ താൽപര്യമെടുത്ത് സാധിക്കുന്നിടത്തോളം വിശ്വാസികളെ ഈ തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

*Syncellus*

### *C. 26/2025* **ദൈവവിളിക്കായി ജാഗരണ പ്രാർത്ഥന (നൈറ്റ് വിജിൽ)**

പൗരോഹിത്യ, സമർപ്പിത ദൈവവിളികളുടെ പരിപോഷണത്തിനായി രൂപതാതലത്തിൽ മാർച്ച് 24 തിങ്കളാഴ്ച വൈകുന്നേരം 8 മണി മുതൽ മാർച്ച് 25 രാവിലെ 5 മണി വരെ കോതമംഗലം കത്തീഡ്രൽ പള്ളിയിൽ വച്ച് ജാഗരണ പ്രാർത്ഥന (നൈറ്റ് വിജിൽ) നടത്തപ്പെടുകയാണ്. സാധിക്കുന്ന എല്ലാ വൈദികരും, സന്യാസിസന്യാസിനിക

ളും, വൈദിക-സമർപ്പിതാർഥികളും, അല്മായ സഹോദരങ്ങളും ഈ ജാഗരണത്തിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. നമുക്കൊരുമിച്ച് നമ്മുടെ രൂപതയിൽ നല്ല ദൈവവിളികൾ സമൃദ്ധമായി ലഭിക്കുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കാം.

*Syncellus*

### C. *27/2025* **ഓഡിറ്റിംഗ്**

2024-25 സാമ്പത്തിക വർഷത്തെ ഇടവകകളുടെ കണക്കുകൾ Audit ചെയ്യുന്നതിന് 2025 ഏപ്രിൽ 30, മെയ് 2 ഈ തീയതികളിലാണ് സൗകര്യം ഒരുക്കിയിരിക്കുക. ഈ തീയതികളിലേക്ക് ഇടവകകളുടെ കണക്കുകൾ തയ്യാറാക്കുകയും Audit -ന് വിധേയമാക്കുകയും ചെയ്യണമെന്ന് മുൻകൂട്ടി അറിയിക്കുന്നു.

*Finance Officer*

### C. *28/2025* **മെഡിക്കൽ ബില്ലുകൾ**

ബഹുമാനപ്പെട്ട വൈദികരുടെ 2024-2025 സാമ്പത്തിക വർഷത്തിലെ മെഡിക്കൽ ബില്ലുകൾ, 2025 മാർച്ച് 15-നു മുമ്പ് രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2025 മാർച്ച് 15 മുതൽ 2025 മാർച്ച് 31 വരെയുള്ള മെഡിക്കൽ ബില്ലുകൾ, 2025 ഏപ്രിൽ 10-നു മുമ്പായും ഏൽപ്പിക്കേണ്ടതാണ്.

*Finance Officer*

### C. *29/2025* **Remittance of Thirattu Fees**

All Parish Priests are hereby reminded that remittance of Thirattu fees to Bishop's House Kothamangalam and remittance of Diocesan fees to Diocese of Kothamangalam are to be made by Account payee Cheques only. If it is not possible to bring the Cheques to our office, then only send the amount through NEFT / RTGS, by properly filling the remitter details in the NEFT/RTGS application form without fail. If remitter details are not properly filled, we will not be able to identify the remitter and will cause a lot of inconvenience to the account office.

Please avoid sending funds through IMPS as there is no provision for remitter details in the IMPS application.

*Finance Officer*

## *PC. 2/2025* Meeting of the Pastoral Council

An extra ordinary meeting of the Pastoral Council will be held on Saturday, March 15, 2025 from 10.00 am to 4.00 pm at NESTT, Muvattupuzha. The members are cordially invited.

*Secretary*

## *JS. 3/2025* മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേര് പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2025-2026 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at the Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business/Banking Administration (Master's Degree only)

ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനു മുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.

2025 മെയ് 10-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS -ലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് HS -ലും വച്ചു നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേ സ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശന പരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശക പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII and General Knowledge

സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടിക

ളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2025 മാർച്ച് 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികൾ പരീക്ഷയ്ക്ക് വരുമ്പോൾ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും ഇപ്പോൾ പന്ത്രണ്ടാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്നവർ പതിനൊന്നാം ക്ലാസ്സിലെ വേദപാഠത്തിന്റെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞവർ പന്ത്രണ്ടാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam-686 691, Tel : 0485-2862236

*Chancellor*

# Jeevajyoti Mission Utkela, Odisha

*OM 5 /2025* **സാമ്പത്തിക സഹായം**

| | | |
|---|---|---|
| Fr Joseph Mulanjanany | ₹ | 10000 |
| Catherine George Namattathil, Karakunnam | ₹ | 5000 |
| Jose Pottampuzha, Muvattupuzha | ₹ | 10000 |
| A Benefactor | ₹ | 10000 |
| FCC Provincial House, Muvattupuzha | ₹ | 200000 |
| St. George's Church, Vandamattam | ₹ | 20000 |
| SD Convent, Muvattupuzha | ₹ | 5000 |
| St. Maxmillain Kolbe Church, East Vazhappilly | ₹ | 18000 |
| Mr. Alone Mathew, Adappoor, Vandamattom | ₹ | 5000 |

*OM 6/2025* **മിഷൻ വാർത്തകൾ**

അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിന്റെ അധ്യക്ഷതയിൽ നടത്തിയ ഒഡീഷാ മിഷനറിമാരുടെ സെമിനാറിൽ അച്ചന്മാരും ബ്രദേഴ്സും പങ്കെടുത്തു.

ഷംഷാബാദ് രൂപതാധ്യക്ഷൻ പ്രിൻസ് പാണേങ്ങാടൻ പിതാവും curia അംഗങ്ങളും ഉത്കല മിഷൻ ഭവനം സന്ദർശിക്കുകയും ജീവ ഭവന്റെ നിർമാണം വിലയിരുത്തുകയും ചെയ്തു.

രൂപത ചാൻസിലർ ബഹു. ജോസ് കുളത്തൂർ അച്ചനും MSJ Provincial സി. അഭയ MSJ, Evangelization Council അംഗം സി. ശീതൾ

എന്നിവർ ഉത്കല മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. മിഷന്റെ കീഴിലുള്ള 5 വില്ലേജുകൾ സന്ദർശിക്കുകയും മിഷൻ സാധ്യതകൾ പഠിക്കുകയും ചെയ്തു.

ബഹു. മാത്യു പ്ലാത്തോട്ടത്തിലച്ചൻ പുതിയ മിഷൻ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി ധർമ്മഗടിലേക്ക് സ്ഥലം മാറി.

# മൈനർ സെമിനാരി

### *MS. 3/2025* വൈദികവിദ്യാർഥികളുടെ അവധിക്കാല ശുശ്രൂഷ

മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ സേവനം ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭിക്കാനാഗ്രഹിക്കുന്ന ബഹു. വികാരിയച്ചൻമാർ ബന്ധപ്പെടുമല്ലോ.

ഫാ. സ്കറിയ കുന്നത്ത് (വൈസ് റെക്ടർ) 8606792996
ഫാ. മാത്യു രാമനാട്ട് (സി.എം.എൽ. ഡയറക്ടർ) 9446208212

### *MS.4/2025* ദൈവവിളി ക്യാമ്പ്

രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായി കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ 7, 8, 9 തീയതികളിൽ ദൈവവിളി ക്യാമ്പ് നടത്തുന്നു. 7-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 9-ാം തീയതി ഇന്റർവ്യൂവോടുകൂടി അവസാനിക്കുന്നു. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചൻമാർ പ്രോത്സാഹിപ്പിച്ച് കത്തു നൽകി പറഞ്ഞയയ്ക്കുമല്ലോ.

### *MS 5 /2025* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1. | Mr Baby Joseph Thekkecheruvil, Muthalakodam | ₹ 45,000 |
| 2. | A Benefactor | ₹ 10,000 |
| 3. | Mr Adarsh Jose Kappen, Thodupuzha | ₹ 15,000 |
| 4. | Mr George Mannamthuruthil, Vannappuram | ₹ 1,000 |
| 5. | CMC Province Kothamangalam | ₹ 50,000 |
| 6. | Mrs Daisy Kurian Cherukottu, Vannappuram | ₹ 1,000 |
| 7. | A Benefactor | ₹ 3,000 |
| 8. | Prof. Jose Karikunnel, Muvattupuzha | ₹ 10,000 |

| | | | |
|---|---|---|---|
| 9. | Mr Biju Nadukani, Perth | ₹ | 50,000 |
| 10. | A Benefactor | ₹ | 10,000 |
| 11. | Mr Francis Thomas Pichappillil, Paingottoor | ₹ | 3,000 |
| 12. | Fr Joseph Mulanjanany | ₹ | 8,000 |
| 13. | Mr Peter Paily Parayidathil, Mathirappilly | ₹ | 25,000 |
| 14. | Mr Sebastian Joseph Ousepparambil, Thodupuzha East | ₹ | 1,000 |
| 15. | A group from Germany C/o Fr Antony Kottackal | ₹ | 36,904 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 16/2025* **രണ്ടാം സെമസ്റ്റർ പരീക്ഷ: ഏപ്രിൽ 5 ശനി**

Std - I - IX - 09.00 am - 11.00 am
Std - X, XI, XII - 11.00 am - 1.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 4-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ മാർക്ക് website-ൽ enter ചെയ്ത് പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 21-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 21-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4. സർട്ടിഫിക്കറ്റ് വിതരണം മെയ് 15 മുതൽ മെയ് 30 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 17/2025* **SAY EXAM- X, XII**

| | | |
|---|---|---|
| **രജിസ്ട്രേഷൻ** | : | **2025 ഏപ്രിൽ 21 മുതൽ 22 വരെ.** |
| **പരീക്ഷ** | : | **ഏപ്രിൽ 27 ഞായർ** |
| സമയം | : | 11.00 am - 01.00 pm |

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

- മൂല്യനിർണ്ണയം നടത്തി website-ൽ മാർക്ക് enter ചെയ്ത് പരീക്ഷാ പേപ്പറുകൾ ഏപ്രിൽ 30-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്.

*V. 18/2025* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 7 തിങ്കൾ

സമയം : 10.30 am - 12.30 pm

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS (Kothamangalam, Oonnukal, Kuruppampady, Velielchal Foranes) |
| Muvattupuzha | - | Nirmala High School (State) (Muvattupuzha, Arakuzha Foranes) |
| Vazhakulam | - | ITE Vazhakulam (Vazhakulam) |
| Thodupuzha | - | St. Sebastian's UPS (Thodupuzha, Mailacombu, Marika Foranes) |
| Muthalakodam | - | SHGHS (Muthalakodam) |
| Karimannoor | - | Holy Family LPS (Karimannoor) |
| Paingottoor | - | St. Joseph's HSS (Paingottoor, Kaliyar Foranes) |

*V. 19/2025* **വിശ്വാസോത്സവം – മാർച്ച് 31 – ഏപ്രിൽ 3**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 3 വരെ നടത്തേണ്ടതാണ്.

**സമയം: രാവിലെ 9.30 മുതൽ 3.30 വരെ (6 മണിക്കൂർ)**

*V. 20/2025* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 15-ാം തീയതി മുതൽ ആരംഭിക്കുന്നു. **വില 45 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക. (ഡിസ്കൗണ്ട് ഉണ്ടായിരിക്കുന്നതല്ല).** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിനു വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തേ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

**NB: 10000 രൂപയ്ക്ക് മുകളിൽ തുക വരുന്നവർ ചെക്ക്/DD/ ബാങ്ക് ട്രാൻസ്ഫർ എന്നിവയിൽ ഏതെങ്കിലും ഉപയോഗിക്കേണ്ടതാണ്.**

### *V. 21/2025* **വചന ഡയറി**

വചനം വായിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നത് നമ്മുടെ ജീവിതശൈലിയായി മാറണം. ജീവിത വഴികളിലെ പ്രതിസന്ധികളിൽ വചനം നൽകുന്ന ശക്തി കുഞ്ഞുമക്കൾ തിരിച്ചറിയണം. ഈ ഒരു ലക്ഷ്യമാണ് വചന ഡയറിയിലൂടെ നമ്മൾ കൈവരിക്കാൻ ആഗ്രഹിക്കുന്നത്. 2024 ജൂൺ 2 മുതൽ 2025 മാർച്ച് 29 വരെയാണ് ഓരോ ദിവസവും ഓരോ വചനം ഹൃദിസ്ഥമാക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടത്.

മൂന്നു വിഭാഗങ്ങളായി (ക്ലാസ്സ് 1-4, ക്ലാസ്സ് 5-8, ക്ലാസ്സ് 9-12 ) തിരിച്ചാണ് മത്സരം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് രൂപതാതല മത്സരത്തിൽ പങ്കെടുക്കാം. (ഒരു ഇടവകയിൽ നിന്നും മൂന്ന് കുട്ടികൾ)

ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും കുട്ടികൾ തയ്യാറാക്കിയ വചന ഡയറിയുമായി രൂപതാതല മത്സരത്തിന് വരേണ്ടതാണ്.

**ഇടവകതലം മാർച്ച് 30-ന്, രൂപതാതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ 3-നു മുമ്പ് website-ൽ enter ചെയ്യേണ്ടതാണ്. മത്സരങ്ങൾ ഏപ്രിൽ 8-ന് രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. സ്ഥലം: നിർമ്മല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ**

### *V. 22/2025* **ബലിയെൻ ബലം**

വിശുദ്ധ കുർബാനയിൽ എല്ലാ ദിവസവും പങ്കെടുക്കുന്ന കുട്ടികളെ രൂപതാതലത്തിൽ ആദരിക്കുന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം ആയിരിക്കാനും പിതാവിൽ നിന്ന് സമ്മാനം സ്വീകരിക്കാനും അവസരം ലഭിക്കുന്നു. 2024 ജൂൺ 2 മുതൽ 2025 ഏപ്രിൽ 6 വരെയുള്ള ദിവസങ്ങളിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയ ബുക്കും, പേരുകൾ വെബ്സൈറ്റിൽ എന്റർ ചെയ്തതും പ്രിന്റ് എടുത്ത് വികാരിയച്ചന്റെ Sign ഓടു കൂടി ഏപ്രിൽ 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**രൂപതാതലം : മെയ് 10**
**സ്ഥലം : വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് വാഴക്കുളം**
**സമയം : 10 am**

*V. 23/2025* **Skit മത്സര വിജയികൾ**

**A Category**

I നെല്ലിമറ്റം
II ആനിക്കാട്
III വെളിയേൽച്ചാൽ
IV ആരക്കുഴ, കത്തീഡ്രൽ, കല്ലാനിക്കൽ, കരിമണ്ണൂർ, കദളിക്കാട്, കല്ലൂർക്കാട്, ഞാറക്കാട്,

**B Category**

I കീരംപാറ
II മാലിപ്പാറ
III ഏഴല്ലൂർ
IV അരിക്കുഴ, ബസ്ലഹം, കോടിക്കുളം, കുണിഞ്ഞി, മുണ്ടൻമുടി, പെരുമ്പല്ലൂർ

**C Category**

I ഞായപ്പിള്ളി
II കോലടി
III മാതിരപ്പിള്ളി
IV തെന്നത്തൂർ, വാഴക്കാല

*V. 24/2025* **ഡിജിറ്റൽ മാഗസിൻ വിജയികൾ**

**A Category**

I വാഴക്കുളം
II മുതലക്കോടം
III നാകപ്പുഴ
IV ആരക്കുഴ, കത്തീഡ്രൽ, കല്ലൂർക്കാട്, കദളിക്കാട്, കാളിയാർ, കരിമണ്ണൂർ, നെല്ലിമറ്റം, നെടിയകാട്, പൈങ്ങോട്ടൂർ, വെളിയേൽച്ചാൽ

**B Category**

I മാലിപ്പാറ
II തൊടുപുഴ ഈസ്റ്റ്
III കീരംപാറ
IV ചിറ്റൂർ, ഏഴല്ലൂർ, കുണിഞ്ഞി, കോടിക്കുളം, പെരുമ്പല്ലൂർ

**C Category**

I വാഴക്കാല
II ഞായപ്പിള്ളി

III നെല്ലിക്കുഴി
IV കോലടി, മാതിരപ്പിള്ളി

*V.25/2025* **ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി**

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. **കൂദാശക്രമം (പുതിയത്)**, ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 10/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 31/01/2025 | SM LPS Inchathotty | 15016 | |
| 31/01/2024 | SM HSS Kaliyar | 49912 | |
| 31/01/2024 | SM LPS Marika | 10316 | |
| 31/01/2024 | SM UPS Nediyasala | 20166 | |
| 01/02/2025 | LF LPS Meenkunnam | 20948 | |
| 01/02/2025 | SS HS Thodupuzha | 100792 | |
| 01/02/2025 | HF LPS Karimannoor | 13508 | |
| 06/02/2025 | SH HSS Ayavana | 28202 | |
| 06/02/2025 | SG HSS Muthalakodam | 55562 | |
| 06/02/2025 | F LPS Karakunnam | 5250 | |
| 07/02/2025 | Karimannoor | | 130000 |
| 08/02/2025 | SS LPS Ezhanikoottam | 3088 | |
| 08/02/2025 | SS HS Memadangu | 15317 | |
| 08/02/2025 | SG UPS Kallanickal | 30276 | |
| 12/02/2025 | SM HS Arakuzha | 22732 | |
| 13/02/2025 | SJ HSS Karimannoor | 46472 | |

| | | | |
|---|---|---|---|
| 14/02/2025 | SG HS Kallanickal | 27968 | |
| 15/02/2025 | SG HS Udumbannoor | 43936 | |
| 15/02/2024 | SM HS Nakapuzha | 41237 | |
| 15/02/2024 | Cheppukulam | | 125000 |
| 15/02/2024 | Vazhakala | | 35000 |
| 15/02/2024 | Perumballoor | | 25000 |
| 21/02/2025 | SG HS Muthalakodam | 88388 | |
| 21/02/2025 | SM LPS Kaliyar | 17060 | |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.9 /2025* **TALENT HUNT 2025**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 2026-ൽ സിവിൽ സർവീസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന ഡിഗ്രി/പി.ജി. പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന എം.സി.പി ഫുൾടൈം കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

അതിനായുള്ള സ്കോളർഷിപ്പ് പരീക്ഷ TALENT HUNT തൊടുപുഴ ന്യൂമാൻ കോളേജിലെ ഡിഗ്രി/പിജി അവസാന വർഷ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 17-ാം തീയതിയും, മൂവാറ്റുപുഴ നിർമ്മല കോളേജിലെ ഡിഗ്രി/പിജി അവസാന വർഷ വിദ്യാർത്ഥികൾക്കും, വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിലെ അവസാന വർഷ വിദ്യാർഥികൾക്കുമായി ഫെബ്രുവരി 25-ാം തീയതിയും നടത്തി.

*NiCSA.10 /2025* **NET കോച്ചിംഗ് ആരംഭിച്ചിരിക്കുന്നു**

മൂവാറ്റുപുഴ നിർമ്മല കോളേജ്, നിർമ്മല സിവിൽ സർവീസ് അക്കാദമിയുമായി സഹകരിച്ച് നെറ്റ് കോച്ചിംഗ് ക്ലാസ്സുകൾ മാർച്ച് 1 മുതൽ ആരംഭിക്കുന്നു. ജനറൽ പേപ്പർ 1 ക്ലാസ്സുകളാണ് ആരംഭിക്കുന്നത്. Teaching Aptitude, Research Aptitude, Comprehension, Communication, Mathematical Reasoning and Aptitude, Logical Reasoning, Data Interpretation, Information and Communication Technology (ICT), People, Development and Environment, Higher

Education System പേപ്പർ വൺ സബ്ജക്ടുകളാണ് കോച്ചിംഗിലൂടെ ലഭ്യമാക്കുന്നത്.

*NiCSA.11 /2025* **ഫൗണ്ടേഷൻ കോഴ്സ്**

ഡിഗ്രി/പിജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ക്ലാസ്സുകൾ എല്ലാ ശനി, ഞായർ ഉച്ചകഴിഞ്ഞ് നടന്നുവരുന്നു.

*NiCSA.12 /2025* **സ്കൂൾ കുട്ടികൾക്കായുള്ള സിവിൽ സർവീസ് പരിശീലനം**

5 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്കായി നിർമ്മല കിഡ്സ് കോഴ്സ്, 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി ഫണ്ടമെന്റൽസ് കോഴ്സ് എന്നിവ എല്ലാ സെക്കൻഡ് സാറ്റർഡേയും പബ്ലിക് ഹോളിഡേയ്സിലും രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടന്നുവരുന്നു. Contact No: 9496065457, 91423 96705.

*Administrator*

## സോഷ്യൽ സർവീസ്

*SS. 13/2025* **കാൻസർ ബോധവൽക്കരണ സെമിനാറുകൾ നടത്തി**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ കാൻസർ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളുടെ ക്ലാസ്സും സംഘടിപ്പിച്ചു. രാമല്ലൂർ നസ്രത്ത് ക്രെഡിറ്റ് യൂണിയൻ, ചെപ്പുകുളം ക്രെഡിറ്റ് യൂണിയൻ, തൊടുപുഴ ടൗൺ പള്ളി എന്നിവിടങ്ങളിലാണ് ക്ലാസ്സുകൾ നടത്തിയത്. എറണാകുളം കെയർ & സെയ്ഫ് ടീം ക്ലാസ്സുകൾ നയിച്ചു. KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു.

*SS. 14/2025* **വാർഷികം ആഘോഷിച്ചു**

രാമല്ലൂർ നസ്രത്ത് ക്രെഡിറ്റ് യൂണിയന്റെ 17-ാമത് വാർഷികം നസ്രത്ത് പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തി. വാർഷികം KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. അംഗങ്ങളുടെ വിവിധ കലാപരിപാടികളും സ്വയം സഹായസംഘങ്ങളുടെ റിപ്പോർട്ടും ഉണ്ടായിരുന്നു.

### *SS. 15/2025* KSBCDC ഇൻസ്പെക്ഷൻ നടത്തി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ KSSS വഴി സ്വയം സഹായസംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി സംഘങ്ങളിൽ ഇൻസ്പെക്ഷൻ നടത്തി. KCBCDC മൂവാറ്റുപുഴ റീജിയണൽ മാനേജരാണ് സംഘങ്ങൾ സന്ദർശിച്ചത്.

### *SS. 16/2025* ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്

2024-25 വർഷത്തെ ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് ഏപ്രിൽ മാസത്തിൽ നടത്താൻ യൂണിറ്റുകൾ ഒരുങ്ങേണ്ടതാണ്.

### *SS. 17/2025* ലോക കാൻസർ ദിനാചരണം സംഘടിപ്പിച്ചു

ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് രാമല്ലൂർ നസ്രത്ത് ക്രെഡിറ്റ് യൂണിയനിൽ വച്ച് കാൻസർ ദിനാചരണം സംഘടിപ്പിച്ചു. CSN പ്രൊവിൻഷ്യൽ ഹൗസ് ഓഡിറ്റോറിയത്തിൽ CSN പ്രൊവിൻഷ്യൽ റവ. സി. ലിൻസി CSN ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ദിനാചരണം KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു.

### *SS. 18/2025* ആശാകിരണം ബോധവൽകരണ പദ്ധതി ഇടവകകളിൽ നടത്തുന്നു

കാൻസർ രോഗം ക്രമാതീതമായി വർദ്ധിക്കുന്നു. 45 ശതമാനത്തിലധികം ആളുകൾ കാൻസർ രോഗികളായി മാറാൻ സാധ്യതയുണ്ട് എന്ന് ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ പറയുന്നു. കഴിഞ്ഞ കാലങ്ങളിൽ പുരുഷന്മാരിലാണ് കാൻസർ രോഗം കൂടുതലായി കണ്ടിരുന്നത്. മദ്യപാനം, പുകവലി, പാൻപരാഗ് തുടങ്ങിയവയുടെ ഉപയോഗമായിരുന്നു അതിനുള്ള കാരണം. എന്നാൽ സ്താനാർബുദം, ഗർഭാശയ കാൻസർ എന്നിവയിലൂടെ കൂടുതൽ സ്ത്രീകൾ കാൻസർ ബാധിതരായി മാറുന്നു.

ശ്രദ്ധയോടെയുള്ള മുൻകരുതലുകളിലൂടെ കാൻസർ രോഗബാധയിൽനിന്നും രക്ഷ നേടാൻ സാധിക്കും. കാൻസർ രോഗബാധയുടെ കാരണങ്ങൾ, മുൻകരുതലുകൾ, കാൻസർ സാധ്യത പരിശോധനകൾ, സ്വീകരിക്കേണ്ട ജീവിതശൈലികൾ എന്നിവയെക്കുറിച്ചുള്ള അറിവ് എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. കാൻസർ രോഗികളായ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ളവരെ ആശാകിരണം പദ്ധതിയിലൂടെ

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി സാമ്പത്തികമായി സഹായിച്ചുവരുന്നു.

കാൻസർ ബോധവൽക്കരണവും അനുബന്ധ കാര്യങ്ങളും ഇടവക തലത്തിലും ഫൊറോന തലത്തിലും സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലും നടത്താൻ KSSS പദ്ധതി തയ്യാറാക്കുന്നു. മാതൃവേദി, ഇതര സംഘടനാംഗങ്ങളെ പങ്കാളികളാക്കി ഈ പദ്ധതി വിജയകരമായി നടത്താൻ ബഹു. വികാരിയച്ചന്മാരുടെ സഹകരണം ഉണ്ടാകണം.

*Director*

# തിരുബാലസഖ്യം

### *HC. 1/2025* ആനിമേറ്റേഴ്സ് സംഗമം

തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമം 2025 ഫെബ്രുവരി 1-ാം തീയതി ശനിയാഴ്ച രാവിലെ 10.30-ന് രജിസ്ട്രേഷനോടുകൂടെ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.

### *HC. 2/2025* പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യ ദിനാഘോഷവും

ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തന വർഷ ഉദ്ഘാടനം ഫെബ്രുവരി ഒന്നാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കോതമംഗലം രൂപത വികാരി ജനറാൾ മോൺ. വിൻസെന്റ് നെടുങ്ങാട്ട് നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ തിരുബാലസഖ്യം രൂപത ഡയറക്ടർ ബഹു. മാത്യു രാമനാട്ടച്ചൻ സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യദിന സമ്മേളനത്തിൽ രൂപതയിലെ എല്ലാ ശാഖകളിൽ നിന്നുമുള്ള ആനിമേറ്റേഴ്സും രണ്ട് ഭാരവാഹികളും പങ്കെടുത്തു. കൂടാതെ വിവിധ ഇടവകകളിൽ നിന്നുള്ള കുട്ടികളുടെ കലാവിരുന്ന് സമ്മേളനത്തിന് കൂടുതൽ ഉണർവേകി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ച കുട്ടികളെ നന്ദിയോടെ ഓർക്കുന്നു.

തിരുബാലസഖ്യദിന ആഘോഷത്തിന്റെ സമാപനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ആനിമേറ്റേഴ്സിനും

കുട്ടികൾക്കും സ്നേഹവിരുന്ന് നൽകി. സ്നേഹവിരുന്ന് നൽകിയ അഭിവന്ദ്യ പിതാവിന് പ്രത്യേകം നന്ദി പറയുന്നു

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 10/2025* **പരീക്ഷ ഒരുക്ക പ്രാർത്ഥന**

ഫെബ്രുവരി 8-ന് തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ചു നടന്ന പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ നൂറുകണക്കിന് കുട്ടികൾ പങ്കെടുത്തു.

*CML 11/2025* **സ്നേഹകൂടാരം**

പരീക്കണ്ണി, ഞാറക്കാട്, മുടവൂർ, നേര്യമംഗലം എന്നീ ശാഖകളിൽ സ്നേഹകൂടാരം ഫെബ്രുവരി 2, 9, 16, 23 തീയതികളിൽ നടന്നു.

*CML 12/2025* **ആഗോള മിഷൻ സംഗമം**

കോതമംഗലം രൂപതയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിമാരുടെ സംഗമം ഫെബ്രുവരി 15-ന് ഓൺലൈനായി നടന്നു. കോതമംഗലം രൂപതാ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഇൻഡോർ രൂപത മുൻ ബിഷപ്പ് മാർ ചാക്കോ തോട്ടുമാരിക്കൽ എന്നിവർ സംസാരിച്ചു. 150 ഓളം മിഷനറിമാർ പങ്കെടുത്തു. 2025 മെയ് 21-ന് മുവാറ്റുപുഴ നെസ്റ്റിൽ വച്ച് മിഷനറി സംഗമം നടത്താൻ തീരുമാനിച്ചു.

*Director*

## കെ.സി.എസ്.എൽ.

*KCSL. 7/2025* **വാർഷിക റിപ്പോർട്ട്**

2024-2025 പ്രവർത്തന വർഷത്തിലെ വാർഷിക റിപ്പോർട്ട് മാർച്ച് 30-നു മുൻപ് രൂപതയിൽ ഏൽപ്പിക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

*KCSL. 8/2025* **പരീക്ഷാ മംഗളങ്ങൾ**

SSLC, +2 പരീക്ഷകൾക്കായി ഒരുങ്ങുന്ന എല്ലാ KCSL അംഗങ്ങൾക്കും രൂപത കുടുംബത്തിന്റെ പ്രാർത്ഥനാ മംഗളങ്ങൾ.

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 5/2025* **രൂപത കമ്മിറ്റി മീറ്റിംഗ്**

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം രൂപത കമ്മിറ്റി മീറ്റിംഗ് ഫെബ്രുവരി 5-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. രൂപത പ്രസിഡന്റ് ഡിഗോൾ. കെ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ മുഖ്യ പ്രഭാഷണം നടത്തി. നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഫൊറോന കൺവെൻഷനുകൾ നടത്തുവാൻ തീരുമാനിച്ചു.

*FA 6/2025* **ഫൊറോന കൺവെൻഷൻ**

ഫെബ്രുവരി 5-ന് ചേർന്ന രൂപത കമ്മിറ്റി താഴെ പറയുന്ന തീയതികളിൽ ഫൊറോന കൺവെൻഷനുകൾ നടത്തുവാൻ തീരുമാനിച്ചു. എല്ലാ ഇടവക ഭാരവാഹികളും പങ്കെടുക്കണം.

**Confirmed Dates**

| | | | |
|---|---|---|---|
| March 01 | - | 3.00 pm | മുതലക്കോടം |
| March 09 | - | 2.30 pm | ആരക്കുഴ |
| March 16 | - | 2.00 pm | ഊന്നുകൽ |
| March 22 | - | 10.00 am | വെളിയേൽച്ചാൽ |
| March 22 | - | 2.00 pm | കുറുപ്പംപടി |
| March 30 | - | 2.00 pm | മൂവാറ്റുപുഴ |

**Tentative Dates**

| | | | |
|---|---|---|---|
| February 23 | - | 2.00 pm | കരിമണ്ണൂർ |
| March 02 | - | 2.00 pm | മൈലക്കൊമ്പ് |
| March 08 | - | 2.00 pm | തൊടുപുഴ |
| March 15 | - | 10.00 am | പൈങ്ങോട്ടൂർ |

| | | | |
|---|---|---|---|
| March 15 | - | 2.00 pm | കോതമംഗലം |
| March 23 | - | 2.00 pm | മാറിക |
| March 29 | - | 10.00 am | കാളിയാർ |
| March 29 | - | 2.00 pm | വാഴക്കുളം |

*FA 7/2025* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

മാർച്ച് 13 – 15, 27 – 28

ഏപ്രിൽ 7 – 9

*Director*

## പ്രോലൈഫ്

*PL 3/2025* **പ്രൊ ലൈഫ് മാജിക് ഷോ**

ജനുവരി 26 പ്രത്യാശയുടെ വിസ്മയങ്ങൾ.
പാച്ചിറ സെന്റ് മേരീസ് ദേവാലയം (കോട്ടയം രൂപത).

ഫെബ്രുവരി 5 പ്രോ ലൈഫ് രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നെസ്റ്റ്, മൂവാറ്റുപുഴ.

*Director*

## പിതൃവേദി

*PV 5/2025* **പുതിയ യൂണിറ്റ്**

മൈലക്കൊമ്പ് സെന്റ് തോമസ് ഫൊറോന ഇടവകയിൽ 16-02-25 ഞായറാഴ്ച രാവിലെ 7.30 ന്റെ വിശുദ്ധ കുർബാനയ്ക്ക്ശേഷം ബഹുമാനപ്പെട്ട വികാരി മാത്യൂസ് മാളിയേക്കൽ അച്ചന്റെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗത്തിൽ പിതൃവേദിയുടെ പ്രവർത്തനങ്ങളേപ്പറ്റി രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രാഹവും തൊടുപുഴ ഫൊറോനാ സെക്രട്ടറി ഫ്രാൻസീസ് മാളിയേക്കൽ സാറും വിശദമായി സംസാരിച്ചു.

അസിസ്റ്റന്റ് വികാരി ഫാ. ആൻഡ്രൂസ് മൂലയിൽ സന്നിഹിതനായിരുന്നു. പ്രസിഡന്റായി ശ്രീ. തോമസ് നെടിയകാലായിലും സെക്രട്ടറിയായി ഡോ. ജോസഫ് കോലഞ്ചേരിലും തിരഞ്ഞെടുക്കപ്പെട്ടു.

### *PV 6/2025* അല്മായ മിഷനറി മൂവ്മെന്റ്

ഷംഷാബാദ് രൂപതാദ്ധ്യക്ഷനും അല്മായ മിഷനറി മുന്നേറ്റത്തിന്റെ ചെയർമാനുമായ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവ്, 12-02-2025-ന് മൗണ്ട് സെന്റ് തോമസിൽ വിളിച്ചു ചേർത്ത പ്രഥമ മീറ്റിംഗിൽ മിഷനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഇരുപത് ഇടവകകളിൽ പതിനൊന്ന് ഇടവകകളിൽ നിന്നായി പിതൃവേദിയുടെ 19 അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് ഇതൊരു വലിയ അനുഭവമായിരുന്നു.

*Director*

## മാതൃവേദി

### *MV 6/2025* രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

നെസ്റ്റിൽ വച്ചു 5-02-2025 10.00 am-നു മാതൃവേദി രൂപത കമ്മിറ്റി കൂടി. മാതൃവേദി വാർഷികം, പുതിയ ഭാരവാഹികളുടെ ചാർജെടുക്കൽ എന്നീ വിഷയങ്ങളിൽ ചർച്ചകൾ നടത്തി.

### *MV 7/2025* രൂപത വാർഷികം

രൂപത മാതൃവേദിയുടെ 2023-25 പ്രവർത്തന വർഷത്തിന്റെ വാർഷികം ഫെബ്രുവരി 25-നു നെസ്റ്റിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. രാവിലെ 10.00 am നു രജിസ്ട്രേഷൻ. 10.30 am നു യോഗം ആരംഭിക്കുന്നതായിരിക്കും. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ അധ്യക്ഷത വഹിക്കും. കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ഫൊറോനാ, യൂണിറ്റ് തല സമ്മാനങ്ങൾ, ക്രിസ്തുമസ് കരോൾ ഗാന മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ, ലോഗോസ് ക്വിസിൽ പങ്കെടുത്ത് ഉയർന്ന സ്കോർ നേടിയ മാതൃവേദി അംഗങ്ങൾക്കുള്ള സമ്മാനം എന്നിവ ഈ വാർഷികയോഗത്തിൽ അഭിവന്ദ്യ പിതാവ് വിതരണം ചെയ്യുന്നതായിരിക്കും.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 2/2025* **രൂപതാ കമ്മറ്റി**

യൂദിത്ത് നവോമി ഫോറം രൂപതാ കമ്മറ്റി 5-2-2025 മൂവാറ്റുപുഴ നെസ്റ്റിൽ രൂപതാ ഡയറക്ടർ ബഹു. ജോസ് കിഴക്കേയിൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ ലിസി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു.

എല്ലാ മാസവും ഫൊറോനാ തലത്തിൽ രോഗീസന്ദർശനം നടത്താൻ തീരുമാനിച്ചു.

എല്ലാം മാസവും ഫൊറോനാ കമ്മിറ്റി കൂടാൻ തീരുമാനിച്ചു.

*Director*

# DCMS

*DCMS 1/2025* **സപ്തതി ആഘോഷം**

ദളിത് കത്തോലിക്കാ മഹാജന സഭ സംസ്ഥാന കമ്മിറ്റിയുടെ സപ്തതി ആഘോഷം 2025 ജനുവരി 25-ന് കോട്ടയം കാർമൽ ഓഡിറ്റോറിയം ഗുഡ് ഷെപ്പേർഡ് ദൈവാലയ അങ്കണത്തിൽ നടന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിലിന്റെ നേതൃത്വത്തിൽ രൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 2/2025* **ലഹരിയുടെ പിടിയിലമർന്ന കേരളത്തിൽ സർക്കാർ നടപടി അനിവാര്യം**

കേരളം ലഹരിയുടെ പിടിയിലമർന്ന് കൊലപാതകങ്ങളും അക്രമങ്ങളും മോഷണവും തട്ടികൊണ്ടുപോകലും ക്രമാതീതമായി വളർന്ന് പോലീസും എക്സൈസും ആക്രമണത്തിന് ഇരയാകുന്ന ഭ

യാനകമായ സാഹചര്യം നിലനിൽക്കുമ്പോൾ 78 ബിവറേജ് ഔട്ട്ലെറ്റുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിയന്തിരമായി തുടങ്ങുന്നതിനും തുടർന്ന് 97 ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കുന്നതിനും തീരുമാനമെടുത്ത സംസ്ഥാന ഗവൺമെന്റ് മദ്യനയത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി കോതമംഗലം രൂപതാ കമ്മിറ്റിയുടേയും കേരള മദ്യവിരുദ്ധ ഏകോപനസമിതി താലൂക്ക് കമ്മിറ്റിയുടേയും സംയുക്ത നേതൃസംഗമം പ്രതിഷേധിച്ചു.

കേരള മദ്യവിരുദ്ധ ഏകോപനസമിതി സംസ്ഥാന സെക്രട്ടറിയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന മധ്യമേഖല പ്രസിഡന്റുമായ ജെയിംസ് കോറമ്പേൽ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ പാരീഷ് ഹാളിൽ നടന്ന നേതൃത്വസംഗമത്തിൽ ഏകോപനസമിതി താലൂക്ക് പ്രസിഡന്റ് മാത്യൂസ് നിരവത്ത് അദ്ധ്യക്ഷത വഹിച്ചു. കെ.സി. ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം മുഖ്യപ്രഭാഷണം നടത്തി. രൂപതാ ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ജോയിസ് മുക്കുടം, സെബാസ്റ്റ്യൻ കൊച്ചടിവാരം, റെജി വാരിക്കാട്ട്, ജോയി പടയാട്ടിൽ, സിജോ കൊട്ടാരത്തിൽ, ബിജു വെട്ടിക്കുഴ, ജോമോൻ ജേക്കബ്, ഷൈനി കച്ചിറയിൽ, ജോബി ജോസഫ്, ജോസ് കൈതമന, ജോർജ്ജ് കൊടിയാറ്റ്, മാർട്ടിൻ കീഴേമാടൻ, സുനിൽ സോമൻ, പോൾ കോങ്ങാടൻ, ജിജു വടക്കേക്കുടി, ഇമ്മാനുവേൽ കാരക്കുന്നം, ജോസഫ് ഒണിച്ചിറയിൽ എന്നിവർ പ്രസംഗിച്ചു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 7/2025* **ഫൊറോന കൺവെൻഷൻ**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് തൊടുപുഴ ഫൊറോന കൺവെൻഷൻ മാർച്ച് 8-ാം തീയതി രാവിലെ 9 മണി മുതൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളി ഹാളിൽ വച്ച് നടക്കും.

*DFC 8/2025* **രൂപത ഇലക്ഷൻ**

2025-27 വർഷത്തേക്കുള്ള രൂപത ഭാരവാഹികളുടെ തിരഞ്ഞെ

ടുപ്പ് 2025 മാർച്ച് 4 ചൊവ്വാഴ്ച 2.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. എല്ലാ രൂപത, ഫൊറോന ഭാരവാഹികളും പങ്കെടുക്കണം.

*Co-ordinator*

# യുവദീപ്തി- K.C.Y.M.

*YD 9/2025* **Eparchial Youth Assembly**

മാർച്ച് 7, 8, 9 തീയതികളിലായി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതല യൂത്ത് അസംബ്ലി നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നുമായി യുവജന പ്രതിനിധികൾ പങ്കെടുക്കുന്ന അസംബ്ലിയിൽ വിവിധങ്ങളായ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു.

*YD 10/2025* **വാർഷിക സെനറ്റ്**

ഫെബ്രുവരി 7, 8, 9 തീയതികളിലായി പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ മുണ്ടൂർ യുവക്ഷേത്ര കോളേജിൽ വച്ച് നടത്തപ്പെട്ട 47-ാമത് കെ.സി.വൈ.എം സംസ്ഥാന വാർഷിക സെനറ്റിൽ കോതമംഗലം രൂപത റിപ്പോർട്ട് അവതരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു.

*YD 11/2025* **യൂണിറ്റ് സന്ദർശനം**

ഫെബ്രുവരി 2 ഞായറാഴ്ച ഇഞ്ചത്തൊട്ടി യൂണിറ്റ് സന്ദർശിക്കുകയും ഇന്ററാക്ടീവ് സെഷനുകൾ നടത്തുകയും ചെയ്തു.

*YD 12/2025* **ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം**

മുൻ രൂപത സെക്രട്ടറിയായിരിക്കേ നമ്മളിൽ നിന്നും വേർപിരിഞ്ഞ ജിബിൻ കുന്നേൽ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന രൂപതാതല ക്വിസ് മത്സരത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളും തീയതിയും ഉടൻ അറിയിക്കുന്നതായിരിക്കും.

*YD 13/2025* **പള്ളിമുറ്റം - ഇടവകതല സായാഹ്നക്കൂട്ടായ്മ**

പള്ളിമുറ്റം-ഇടവകതല സായാഹ്നക്കൂട്ടായ്മ ജനുവരി 26-ന് കോടിക്കുളം സെന്റ് ആൻസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

*Director*

# ജീസസ് യൂത്ത്

## *JY 7/2025* CPG, HOUSEHOLD & The Seraphic Stage Zonal Night Vigil

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ.

മാർച്ച് മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 2-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും നടത്തപ്പെടുന്നതാണ്.

മാർച്ച് മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 7-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

## *JY 8/2025* Intercession Journey

കേരള ജീസസ് യൂത്ത് പ്രഫഷണൽ മിനിസ്ട്രി നടത്താനിരിക്കുന്ന PROFESS MESSIAH Conference ന്റെ ഭാഗമായി വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റിസിന്റെ തിരുശേഷിപ്പ് വഹിച്ചുകൊണ്ടുള്ള യാത്ര ഫെബ്രുവരി 1-ാം തീയതി ശനിയാഴ്ച കോതമംഗലം സോണിൽ എത്തിച്ചേർന്നു. തുടർന്ന് ഉച്ചക്ക് ഒരു മണി മുതൽ രണ്ടര വരെ വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റിസിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് അനുഗ്രഹം പ്രാപിക്കാനായി മൂവാറ്റുപുഴ ഹോളി മാഗി ഫൊറോനാ ദൈവാലയത്തിൽ മധ്യസ്ഥ പ്രാർത്ഥന നടത്തപ്പെട്ടു.

## *JY 9/2025* കേരള അസംബ്ലി

കേരളത്തിലെ ജീസസ് യൂത്തിനെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ചർച്ചകളും, അടുത്ത രണ്ട് വർഷത്തേക്കുള്ള കേരള ജീസസ് യൂത്ത് കൗൺസിൽ ഇലക്ഷനും 2025 ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച മുതൽ 9-ാം തീയതി ഞായറാഴ്ച വരെ ചാലക്കുടി ഡിവൈൻ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. കേരളത്തിൽ നടന്ന സ്പിരിച്വൽ കോൺവർസേഷനുകളുടെ ഏകീകരിക്കപ്പെട്ട പോയിന്റു

കൾ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ അസംബ്ലിയിലെ പ്രധാന ചർച്ചകളും തീരുമാനങ്ങളും എടുത്തത്. കേരള ജീസസ് യൂത്ത് കൗൺസിൽ ടീം അംഗമായി കോതമംഗലം രൂപത കല്ലാനിക്കൽ ഇടവകാംഗം മനു ജോസ് തെരഞ്ഞെടുക്കപ്പെട്ടു.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

*CC 1/2025* **പിതാവിനോടൊപ്പം**

രൂപതാ സമിതി അംഗങ്ങൾ അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ ഒരുമിച്ചു കൂടുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അഭിവന്ദ്യ പിതാവ് ആശംസകൾ അറിയിച്ചു.

*CC 2/2025* **വനം നിയമഭേദഗതി നിർദ്ദേശങ്ങൾക്കെതിരെ കോതമംഗലത്ത് പന്തം കൊളുത്തി പ്രതിഷേധ പ്രകടനം**

ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്കും കർഷക വേട്ടയ്ക്കും ഉദ്യോഗസ്ഥ അഴിഞ്ഞാട്ടത്തിനും ഇടവരുത്തുന്ന, വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അമിത അധികാരങ്ങൾ നൽകുന്ന വന നിയമ ഭേദഗതി ശുപാർശകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് പ്രതിഷേധ പരിപാടി നടത്തിയത്. കോതമംഗലം രൂപത മെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തു. രൂപത വികാരി ജനറാൾമാരായ മോൺ. പയസ് മലേക്കണ്ടത്തിൽ മോൺ. വിൻസന്റ് നെടുങ്ങാട്ട് എന്നിവർ പ്രതിഷേധ പ്രകടനം ഫ്ളാഗ് ഓഫ് ചെയ്തു.

രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ ഉൾപ്പെടെ പ്രധിഷേധ പ്രകടനത്തിൽ നൂറു കണക്കിന് പേർ പങ്കെടുത്തു. വൈദികരും സ്ത്രീകളും ഉൾപ്പെടെയുള്ളവർ പ്രതിഷേധത്തിൽ പങ്കാളികളായി.

*CC 3/2025* **മുനമ്പം ജനതയുടെ നിലവിളി കേൾക്കാത്ത ഭരണകൂടത്തിന്റെയും രാഷ്ട്രീയ നേതാക്കളുടെയും നിസംഗതക്കെതിരെ കത്തോലിക്കാ കോൺഗ്രസിന്റെ വേറിട്ട പ്രതിഷേധം**

മുനമ്പം ജനതയുടെ നീതിക്ക് വേണ്ടിയുള്ള നിലവിളി കേൾക്കാത്ത, ഇവരുടെ കണ്ണുനീർ കാണാത്ത, അവർക്കുവേണ്ടി ആത്മാർത്ഥമായി ശബ്ദിക്കാത്ത, ഭരണപ്രതിപക്ഷങ്ങളുടെ ക്രൂരതയ്ക്കെതിരെ

കണ്ണും വായും ചെവിയും കറുത്ത തുണികൊണ്ട് മൂടിക്കെട്ടി മുനമ്പം സമരപ്പന്തലിൽ കോതമംഗലം രൂപത കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ വേറിട്ട പ്രതിഷേധം. കോതമംഗലം രൂപത മെത്രാനും കെസിബിസി അല്മായ കമ്മീഷൻ ചെയർമാനുമായ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ നേതൃത്വത്തിലാണ് കോതമംഗലം രൂപതയിലെ കത്തോലിക്ക കോൺഗ്രസ് നേതാക്കളും പ്രവർത്തകരും മുനമ്പം സമരത്തിന് ഐക്യദാർഢ്യവുമായി സമരപ്പന്തലിൽ എത്തിയത്.

മുദ്രാവാക്യങ്ങൾ ഉയർത്തി ഐക്യദാർഢ്യ റാലിയും പ്രവർത്തകർ നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ പതാകകളും ഏന്തി നിരവധി നേതാക്കളും പ്രവർത്തകരും പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തു. ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, രൂപത ചാൻസിലർ ഫാ. ജോസ് കുളത്തൂർ, കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് സണ്ണി കടൂത്താഴെ, രൂപത ഡയറക്ടർ ഫാ. മാനുവൽ പിച്ചളക്കാട്ട്, രൂപത ജനറൽ സെക്രട്ടറി മത്തച്ചൻ കളപ്പുരക്കൽ, കത്തീഡ്രൽ വികാരി ഫാ. തോമസ് ചെറുപറമ്പിൽ, ഫാ. തോമസ് ജെ പറയിടം, ഫാ. ജോൺ മറ്റപ്പിള്ളിൽ, രൂപത ട്രഷറർ തമ്പി പിട്ടാപ്പിള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി.

### *CC 4/2025* **വന്യജീവി ആക്രമണം ശാശ്വത പരിഹാരം ആവശ്യപ്പെട്ട് കോതമംഗലം DFO ഓഫീസിലേക്ക് ജനകീയ മാർച്ച്**

കുട്ടമ്പുഴയിൽ കാട്ടാന ആക്രമണത്തിൽ എൽദോസ് മരണപ്പെട്ട സംഭവത്തിൽ സർക്കാർ നിലപാടുകളിൽ പ്രതിഷേധിച്ചുകൊണ്ടും, വന്യജീവികളിൽ നിന്നും വനംവകുപ്പിൽ നിന്നും ജനത്തെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കോതമംഗലത്തു DFO ഓഫീസിലേക്ക് നടത്തിയ ജനകീയ പ്രതിഷേധ മാർച്ചിന് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകി. ആയിരങ്ങൾ അണിനിരന്ന മാർച്ചിൽ അഭിവന്ദ്യ പിതാവിനോടൊപ്പം വിവിധ മത രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖരും വൈദികരും കർഷകരും രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ളവരും അണിനിരന്നു.

### *CC 5/2025* **നേതൃത്വ പരിശീലന പരിപാടി**

കത്തോലിക്കാ കോൺഗ്രസിന്റെ രൂപത, ഫൊറോന ഭാരവാഹികൾക്കായി ഏകദിന നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന പരിപാടിയിൽ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ക്ലാസ്സ് നയിച്ചു.

*CC 6/2025* **അനുശോചനം**

രൂപതാ വൈസ് പ്രസിഡന്റ് അഡ്വ. വി. യു. ചാക്കോയുടെ ഭാര്യ മാർഗരറ്റ് ചാക്കോ, രൂപത സമിതി അംഗം ജോളി ഇഞ്ചക്കലിന്റെ പിതാവ് റാഫേൽ പൈലി, മുൻ രൂപത സമിതി അംഗം എം. മാത്തപ്പൻ എന്നിവരുടെ നിര്യാണത്തിൽ രൂപത സമിതി അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 2/2025* **ആദ്യകാല പ്രവർത്തകയെ ആദരിച്ചു**

പെരുമ്പല്ലൂർ പത്താം പീയൂസ് ഇടവകയിലെ ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ ആദ്യകാല സജീവ പ്രവർത്തകയായ അന്നക്കുട്ടി അഗസ്റ്റിൻ കാക്കനാട്ടിനെ (93) SFO മൂവാറ്റുപുഴ റീജിയണൽ സ്പിരിചൽ അസിസ്റ്റന്റ് ബ്ര. വർഗീസ് വാഴയിൽ അച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു. എപ്പോഴും ഫ്രാൻസിസ്കൻ ജീവിതവും പ്രാർത്ഥനകളും നടത്തുന്ന മുത്തശ്ശി എല്ലാവർക്കും ആവേശവും മാതൃകയുമാണെന്ന് ബഹു. വർഗീസ് അച്ചൻ പറഞ്ഞു. ചടങ്ങിൽ മൂവാറ്റുപുഴ റീജിയണൽ പ്രസിഡന്റ് ബ്ര. വിൻസെന്റ് വിതയത്തിൽ, യൂണിറ്റ് പ്രസിഡന്റ് സി. സീന അനിഷ്, കൗൺസിലർ സി. റോസക്കുട്ടി കുര്യൻ, മറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. വികാരി ഫാ. ജോർജ് നെടുങ്കല്ലേൽ ആശംസകൾ നേർന്നു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 5/2025* **ജൂബിലേവൂസ് 2026**

KCSC കോതമംഗലം സോൺ, ജൂബിലേവൂസ് 2026 തിരുസന്നിധേ, ആയിരം ദിവസ ഒരുക്ക പ്രാർത്ഥന. 1000ത്തിൽ 596-ാം ദിവസം ഫെബ്രുവരി 16-ാം തീയതി, ഞായറാഴ്ച മൂവാറ്റുപുഴ സബ് സോ

ണിൽ, പെരുമ്പല്ലൂർ വി. പത്താം പീയൂസ് ദൈവാലയത്തിൽ, നടത്തപ്പെട്ടു. ഇടവകവികാരി റവ. ഫാ. ജോർജ്ജ് നെടുങ്കല്ലേൽ, ജൂബിലി തിരിതെളിച്ച് ആശംസകൾ അർപ്പിച്ചു, സോണൽ ആനിമേറ്റർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി, പ്രാർത്ഥനകൾ നയിച്ചു. സോൺ, സബ്സോൺ പ്രതിനിധികൾ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

*PG 6/2025* **കുടുംബോത്സവം**

കേരളത്തിൽ കരിസ്മാറ്റിക് ശുശ്രൂഷകൾ ആരംഭിച്ചതിന്റെ 50-ാം വർഷമായ 2026, സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി, KCSC കോതമംഗലം സോൺ, തൊടുപുഴ സബ് സോണിൽ ഫെബ്രുവരി 22-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയാങ്കണത്തിൽ വച്ച് കുടുംബോത്സവം നടത്തപ്പെട്ടു. ഇടവകവികാരി റവ. ഫാ. സ്റ്റാൻലി കുന്നേൽ, സോണൽ ആനിമേറ്റർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ, സോൺ, സബ് സോൺ പ്രധിനിധികൾ എന്നിവർക്കൊപ്പം കൂടുതൽ മക്കളുള്ള അനുഗൃഹീത കുടുംബങ്ങൾ, ആദ്യകാല കരിസ്മാറ്റിക് ശുശ്രൂഷകർ, കുട്ടികൾ, യുവജനങ്ങൾ എന്നിവരെ ആദരിച്ചു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 5/2025* **കുടുംബയോഗവും തീർത്ഥാടനവും**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിൽ കുടുംബയോഗവും തീർത്ഥാടനവും സംയുക്തമായി നടത്തി. സിസി അംഗങ്ങളും കുടുംബാംഗങ്ങളും ജനുവരി 29-ന് വി. കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിന്റെ കൈനകരിയിലെ ജന്മഗൃഹം സന്ദർശിച്ചു. സിസി ആത്മീയോപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേലച്ചന്റെ നേതൃത്വത്തിൽ രാവിലെ 7.45-ന് യാത്രതിരിച്ച സംഘം ബസിലും ബോട്ടിലുമായി ഉച്ചയ്ക്ക് 2 മണിയോടെ കൈനകരി

യിലെത്തി ചാവറപ്പിതാവിന്റെ ജന്മഗൃഹമായ ചാവറ ഭവൻ സന്ദർശിച്ചു. പുണ്യചരിതനായ പിതാവിന്റെ ജന്മം കൊണ്ട് അനുഗൃഹീതമായ വീട് നിലവിൽ ഭക്തിസാന്ദ്രവും, ശാന്തവും, വിജ്ഞാനദായകവും, അലൗകികമായ ആത്മീയ ചൈതന്യം തുളുമ്പുന്നതുമായ മ്യൂസിയമാക്കി നിലനിർത്തിയിരിക്കുന്നത് ഏതൊരു സന്ദർശകനും ആത്മീയ ഉണർവേകുന്നതാണ്. തുടർന്ന് ഹൗസ് ബോട്ടിൽ നടന്ന സി സി മീറ്റിംഗിൽ ആത്മീയോപദേഷ്ടാവ് സ്റ്റാൻലി അച്ചനും സന്നിഹിതനായിരുന്നു. ചാവറ പിതാവ് വിഭാവന ചെയ്ത് നടപ്പിലാക്കിയ (പള്ളിയോട് ചേർന്ന് പള്ളിക്കൂടം, സവർണ്ണരും അവർണ്ണരും ഒരു ബഞ്ചിലിരുന്ന് പഠനം, സൗജന്യ ഉച്ചഭക്ഷണം മുതലായ) നവോത്ഥാനത്തെ തമസ്കരിക്കുന്ന സമകാലിക ചരിത്ര രചനകളെ വെല്ലുവിളിച്ച് സത്യസന്ധവും യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശുന്നതുമായ രചനകൾ സൃഷ്ടിക്കാൻ നവ സാഹിത്യകാരന്മാർ മുന്നോട്ടു വരണമെന്ന് സി സി പ്രസിഡന്റ് ബ്ര. ബേബി ജോസഫ് തെക്കേച്ചെരുവിൽ ആഹ്വാനം ചെയ്തു. ആഹ്ലാദകരമായ മടക്ക യാത്ര സന്ധ്യാ പ്രാർത്ഥനയും, ജപമാലയും അർപ്പിച്ച് 7.45 pm-ന് തിരികെ എത്തി.

### *SV 6/2025* **പുതുക്കിയ നിയമാവലി**

പുതുക്കിയ നിയമാവലി, കേരള റീജിയണൽ കോ-ഓർഡിനേഷൻ കമ്മിറ്റി (KRCC), മലയാളത്തിലേക്ക് വിവർത്തനം ചെയ്തു പുറത്തിറക്കി. സി സി യിലെ എല്ലാ പ്രവർത്തകാംഗങ്ങളും നിയമാവലിയുടെ കോപ്പി സ്വന്തമാക്കണമെന്ന് പ്രസിഡന്റ് നിർദ്ദേശിച്ചു.

### *SV 7/2025* **വനിതാ സെമിനാർ 2024-25**

കോതമംഗലം സി സി യിലെ വനിത അംഗങ്ങൾക്കായി ഫെബ്രുവരി 8 ശനിയാഴ്ച്ച തൊടുപുഴ ഓസാനം ഹോമിൽ വച്ച് വനിത സെമിനാർ നടന്നു. രാവിലെ 9.30-ന് രജിസ്ട്രേഷൻ ആരംഭിച്ചു. 10.00 am ന് സി സി ആത്മീയോപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ ഉദ്ഘാടനം നിർവഹിച്ച് സന്ദേശം നൽകി. ദൈവ സ്നേഹം നിറഞ്ഞ്, ആ സ്നേഹം, അർഹിക്കുന്നവർക്ക്, രാജകീയമായി നൽകുമ്പോഴുണ്ടാകുന്ന ആത്മസംതൃപ്തി വിൻസെൻഷ്യൻ പ്രവർത്തനത്തിന്റെ പ്രതിഫലം ആണെന്ന് അച്ചൻ പറഞ്ഞു. സെമിനാർ നയിച്ച പ്രശസ്ത വചന പ്രഘോഷക സി. ആനി ജോസഫ് ഇളയിടം 'വിൻസെൻഷ്യൻ പ്രവർത്തനവും കുടുംബ ജീവിതവും' എന്ന വിഷയം വളരെ ലളിതമായി

അവതരിപ്പിച്ചു. സ്നേഹവിരുന്നിനുശേഷം ഒരു മണിക്ക് സെമിനാർ സമാപിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 5/2025* **നിർമ്മാണ തൊഴിലാളി ഫോറം**

KLM -ന്റെ ആഭിമുഖ്യത്തിലുള്ള നിർമ്മാണ തൊഴിലാളി ഫോറത്തിന്റെ രൂപതാ സമിതി യോഗം 8-3-2025 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

*KLM 6/2025* **KLM രൂപത എക്സിക്യൂട്ടീവ്**

KLM രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി 22-3-2025 ശനിയാഴ്ച രാവിലെ 10.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്നു. രൂപത, സോണൽ ഭാരവാഹികൾ പങ്കെടുക്കണം.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**March 2025**

| | | |
|---|---|---|
| 13 - 15 | - | Pre Marriage Course |
| 15 | - | Pastoral Council |
| 27 - 29 | - | Pre Marriage Course |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Jose | ” | 19 |
| " | Athickal Joseph | ” | 19 |
| " | Chirapparambil Jose | ” | 19 |
| " | Ezhumayil Joseph | ” | 19 |

| | | | |
|---|---|---|---|
| Rev. Fr. | Kadukamakal Joseph | ” | 19 |
| " | Kanjirakombil Jose | ” | 19 |
| " | Kalapurackal Jose | ” | 19 |
| " | Kallarackal Joseph | ” | 19 |
| " | Kandathil Joseph | ” | 19 |
| " | Kandathinkara Joseph | ” | 19 |
| " | Kapiyarumalayil Joseph | ” | 19 |
| " | Karakunnel Joseph | ” | 19 |
| " | Keethappilly Joseph | ” | 19 |
| " | Kizhakel Jose | ” | 19 |
| " | Kochuparambil Joseph (Sr.) | ” | 19 |
| " | Kochuparambil Joseph (Jr.) | ” | 19 |
| " | Kochuputhenpurayil Joseph | ” | 19 |
| " | Koickakudy Joseph | ” | 19 |
| " | Koithanath Joseph | ” | 19 |
| " | Koonanickal Jose | ” | 19 |
| " | Koonanickal Joseph | ” | 19 |
| " | Kottoor Joseph | ” | 19 |
| " | Kulathoor Jose | ” | 19 |
| " | Kunchirakattu Joseph | ” | 19 |
| " | Kunnumpurath Joseph (Sr) | ” | 19 |
| " | Kunnumpurath Joseph (Jr) | ” | 19 |
| " | Makolil Joseph | ” | 19 |
| " | Madathil Joseph (Sr) | ” | 19 |
| " | Madathil Joseph (Jr) | ” | 19 |
| " | Mailadiathu Jose | ” | 19 |
| " | Monippilly Jose | ” | 19 |
| " | Moorkattil Jose | ” | 19 |
| " | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |
| " | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Niravath Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |

| | | | |
|---|---|---|---|
| Rev. Fr. | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph (Sr.) | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Thayyil Jose CMI | ” | 19 |
| " | Vadakkedath Joseph | ” | 19 |
| " | Vallomkunnel Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Vettikuzhichalil Joseph | ” | 19 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ജനുവരി 2025**

25 • വാഴക്കുളം കാർമ്മൽ സ്കൂളിൽ CRI കോതമംഗലം യൂണിറ്റിന്റെ വാർഷിക സംഗമം ഉദ്ഘാടനം ചെയ്തു.

• ബിഷപ്സ് ഹൗസിൽ കാറ്റക്കിസം മെറിറ്റ് ഡേയിൽ ആശംസകൾ നേർന്ന് സമ്മാനദാനം നിർവഹിച്ചു.

28 • മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ നവീകരിച്ച ചാപ്പൽ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

29 • മൂവാറ്റുപുഴ നിർമ്മല മെഡിക്കൽ സെന്ററിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• കരിമണ്ണൂർ സെന്റ് ജോസഫ് സ്കൂളിന്റെ നവതി ആഘോഷ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

30 • രാമല്ലൂർ CSN പ്രൊവിൻഷ്യൽ ഹൗസിന്റെ നവീകരിച്ച അൾത്താരയുടെ പുനർകൂദാശ നടത്തി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

31 ● നെടുങ്ങപ്ര സെന്റ് ആന്റണീസ് യു. പി. സ്കൂളിൽ ശതാബ്ദി സമ്മേളനത്തിൽ ആശംസകൾ നേർന്നു.

**ഫെബ്രുവരി 2025**

01 ● കോതമംഗലം കത്തീഡ്രലിൽ ബഹു. ജോർജ് മുണ്ടക്കൽ അച്ചന്റെ ഒന്നാം ചരമവാർഷികദിനത്തിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

● ഊന്നുകൽ ഇടവകയിൽ പറമ്പേൽ ജിന്റോ-ജോളി ദമ്പതികളുടെ അഞ്ചാമത്തെ മകനായ ഡെൽവിൻ ജിന്റോയ്ക്ക് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

02 ● വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ തിരുനാളാഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

03 ● കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 ● കത്തീഡ്രൽ ഇടവകയിൽ പരേതനായ പുലക്കുടിയിൽ മേരിദാസന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● മൂവാറ്റുപുഴ നെസ്റ്റിൽ പ്രെസ്ബിത്തേരിയത്തിൽ അദ്ധ്യക്ഷത വഹിച്ചു.

05 ● കോതമംഗലം ധർമ്മഗിരി മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● ഏനാനല്ലൂർ ഇടവകയിൽ പരേതയായ കൊച്ചുമുട്ടം ലില്ലി ഡൊമിനിക്കിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 ● കോതമംഗലം കത്തീഡ്രലിൽ അഭിവന്ദ്യ മാർ മാത്യൂ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികദിനത്തിൽ വി. കുർബാന അർപ്പിച്ചു.

● ബിഷപ്സ് ഹൗസിൽ ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

● ചെങ്ങളം സെന്റ് ആന്റണീസ് തീർത്ഥാടന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- കോഴിപ്പിള്ളി SD പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സി. തനയ കണ്ണൂക്കാടന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

07 • രൂപതയിലെ 2010-11, 2011-2012 ബാച്ചിലെ വൈദികരുമായി കോൺഫ്രൻസ് നടത്തി.

- വാഴക്കുളം കർമ്മലീത്താ മഠത്തിൽ പരേതയായ സി. പ്രീമാ കൂട്ടുങ്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- വാഴക്കുളം മിസ്പാ റിന്യൂവൽ സെന്ററിൽ യുവജന ധ്യാനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

08 • പൈങ്ങോട്ടൂർ ഇടവകയിൽ ഫാ. ചാൾസ് ഞാറക്കുളത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന മദ്ധ്യേ സന്ദേശം നൽകി.

09 • വണ്ടമറ്റം സെന്റ് ജോർജ്ജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10 • കോതമംഗലം കത്തീഡ്രലിൽ ബഹു. മാത്യൂ മുണ്ടയ്ക്കൽ (ഈശോ അച്ചൻ) അച്ചന്റെ 9-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

- കല്ലൂർക്കാട് ലൂർദ്ദ് മാതാ ഗ്രോട്ടോയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

11 • കോഴിപ്പിള്ളി എഫ്.സി.സി നൊവിഷ്യേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- പൈങ്ങോട്ടൂർ ഇടവകയിൽ പരേതനായ വട്ടക്കുഴിയിൽ ഉലഹന്നാൻ മത്തായിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

13 • തൊടുപുഴ ന്യൂമാൻ കോളേജ് കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റിലെ ഏറ്റവും മികച്ച എൻ.സി.സി സ്ഥാപനമായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ അനുമോദന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

13-14 • വിജയപുരം ബിഷപ്സ് ഹൗസിൽ മെത്രാന്മാരുടെ റീജിയണൽ ധ്യാനത്തിൽ പങ്കെടുത്തു.

- ഏഴല്ലൂർ ഇടവകയിൽ പരേതനായ കളരിപ്പറമ്പിൽ ജോസ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.
- മൂവാറ്റുപുഴ ബൈബിൾ കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് ഉദ്ഘാടന സന്ദേശം നൽകി.

15 • പന്നിമറ്റം ഇടവകയിൽ പെരുമ്പറായിൽ അനീഷ്-സജിത ദമ്പതികളുടെ നാലാമത്തെ കുട്ടിയായ എസെക്കിയേൽ സെബാസ്റ്റ്യൻ അനീഷിന്റെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.
- ചിറ്റൂർ ഇടവകയിൽ പാലമറ്റം കത്രിക്കുട്ടി ടീച്ചറിന്റെ നവതിയാഘോഷത്തിൽ ആശംസകൾ നേർന്നു.
- മൈലക്കൊമ്പ് ഇടവകയിൽ സാൻ പിയോ കപ്പൂച്ചിൻ ആശ്രമത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.

16 • അംബികാപുരം സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 • കലയന്താനി ഇടവകയിൽ കല്ലേകാവുങ്കൽ നിജു-അനു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ടെസാ മരിയയുടെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.
- മൈലക്കൊമ്പ് ഇടവകയിൽ പുതുതായി നിർമ്മിച്ച SH മഠത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.

18 • കോതമംഗലം CMC മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- മൈലക്കൊമ്പ് മഠത്തിൽ പരേതരായ സി. സെലിൻ തെക്കേക്കരയുടെയും, സി. മേരി ക്രിസ്പിൻ അറയിലിന്റെയും മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.
- വേങ്ങൂർ ഇടവകയിൽ പരേതയായ കോട്ടയ്ക്കൽ അന്ന പൗലോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 • കലയന്താനി ഇടവകയിൽ കണ്ടത്തിൽ ആന്റണി-മോളി ദമ്പതികളുടെ മകൻ ഡോ. ബിബിന്റെ വിവാഹം ആശീർവദിച്ചു.

- വിശ്വജ്യോതി കോളേജിൽ കോതമംഗലം രൂപത സ്കൂൾ അദ്ധ്യാപകരുടെ വാർഷികദിനത്തോടനുബന്ധിച്ച് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ആശംസകൾ നേർന്നു.
- മൈലക്കൊമ്പ് SH മഠത്തിൽ പരേതയായ സി. ബഞ്ചമിൻ ട്രീസാ കൊച്ചുപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

# Bishop's Engagements

## March 2025

| | | | |
|---|---|---|---|
| 01 | Sat | Jubilee - FCC | Muvattupuzha |
| 02 | Sun | Pastoral Visit | Mundanmudy |
| 03 | Mon | Holy Mass | Cathedral |
| 05 | Wed | Deepika Apex Body Meeting | Kakkanad |
| | | Blessing | Nediasala |
| 06 | Thu | Navathy | Kuruppampady |
| 07 | Fri | Pilgrimage | Malekurish |
| 08 | Sat | Meeting | POC |
| 09 | Sun | Holy Mass | NESTT |
| 14 | Fri | Popular Mission | Karakunnam |
| 15 | Sat | Pastoral Council | NESTT |
| 19 | Wed | Holy Mass | Vazhakulam |
| 20 | Thu | Holy Mass | Karimannoor |
| 27 | Thu | Blessing | Keerampara |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ജയിംസ് കുര്യനാൽ | ” | 03-04-2020 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |

| | | |
|---|---|---|
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. മാത്യു തെക്കേക്കര (Jr) | ” | 07-04-2019 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. ഫ്രാൻസിസ് നന്തലത്ത് | ” | 20-04-2023 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. കുര്യാക്കോസ് കച്ചിറമറ്റം | | 22-04-2022 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

# നിര്യാതരായി

## സി. തനയ കണ്ണൂക്കാടൻ SD



ഇടവക - നരസിംഹരാജപുര (ഭദ്രാവതി രൂപത)
ജനനം - 30-06-1956
ആദ്യവ്രതം - 06-01-1976
നിത്യവ്രതം - 08-12-1981
മരണം - 05-02-2025
മൃതസംസ്കാരം - 06-02-2025 (കോഴിപ്പിള്ളി)

## സി. പ്രീമ CMC കൂട്ടുങ്കൽ



ഇടവക - ഏഴല്ലൂർ
ജനനം - 05-02-1944
ആദ്യവ്രതം - 15-04-1966
നിത്യവ്രതം - 15-04-1972
മരണം - 06-02-2025
മൃതസംസ്കാരം - 07-02-2025 (വാഴക്കുളം)

## സി. സെലിൻ സെബാസ്റ്റ്യൻ തെക്കേക്കര SH



ഇടവക - ഏനാനല്ലൂർ
ജനനം - 07-10-1953
ആദ്യവ്രതം - 02-05-1976
നിത്യവ്രതം - 12-04-1982
മരണം - 16-02-2025
മൃതസംസ്കാരം - 18-02-2025 (മൈലക്കൊമ്പ്)

## സി. മേരി ക്രിസ്പിൻ അറയിൽ SH



ഇടവക - മൈലക്കൊമ്പ്
ജനനം - 30-09-1934
ആദ്യവ്രതം - 02-05-1960
നിത്യവ്രതം - 02-05-1963
മരണം - 18-02-2025
മൃതസംസ്കാരം - 18-02-2025 (മൈലക്കൊമ്പ്)

## സി. ബഞ്ചമിൻ ട്രീസ കൊച്ചുപറമ്പിൽ SH



ഇടവക - കോലടി
ജനനം - 23-06-1933
ആദ്യവ്രതം - 04-05-1954
നിത്യവ്രതം - 02-05-1957
മരണം - 20-02-2025
മൃതസംസ്കാരം - 22-02-2025 (മൈലക്കൊമ്പ്)

# Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

## (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House<br>Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara
(Publisher)

Date : 01-03-2025



നവീകരിച്ച മൈലക്കൊമ്പ് തിരുഹൃദയ മഠം ഫെബ്രുവരി 17ന് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്തു.




മൈലക്കൊമ്പ് ഇടവകയിൽ പുതുതായി സ്ഥാപിതമായ സാൻപിയോ കപ്പൂച്ചിൻ ആശ്രമം

Deivarajyam
March 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/03/2025
Posted at Thodupuzha Stg.
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

## മാർപാപ്പയുടെ നിയോഗങ്ങളോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം

### പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്കുവേണ്ടി

**തകർച്ചയിലും പ്രതിസന്ധിയിലുമായിരിക്കുന്ന കുടുംബങ്ങൾ ക്ഷമയിലൂടെ അവരുടെ മുറിവുകൾ സുഖപ്പെടുത്തുന്നതിനും മറ്റുള്ളവരിലെ നന്മകളും ദാനങ്ങളും വ്യത്യസ്തതകളും വീണ്ടും കണ്ടെത്തുന്നതിനുമായി നമുക്ക് പ്രാർത്ഥിക്കാം**